(ബി) ഉടുമ്പൻചോല, നിലമ്പൂർ, ദേവികുളം, മാനന്തവാടി, സുൽത്താൻ ബത്തേരി, കൂട്ടനാട്, ചിറ്റൂർ, ഉഴവൂർ എന്നിവയാണ് പുതുതായി ആരംഭിച്ച സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ.

വാഹന പെരുപ്പം, ജനങ്ങൾക്ക് സമയബന്ധിത സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പുതിയ ഓഫീസുകൾ അനുവദിക്കുന്നതിനായി പരിഗണിക്കപ്പെടുന്ന പ്രധാന ഘടകങ്ങൾ.

(സി) പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ ഇടുക്കി താലൂക്കിൽ ആർ.ടി. ഓഫീസും, പട്ടാമ്പി, ചാലക്കുടി, പുനലൂർ, താമരശ്ശേരി എന്നീ താലൂക്കുകളിൽ സബ് ആർ.ടി. ഓഫീസുകളും നേരത്തെ തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്.

(ഡി) ഇപ്പോൾ അത്തരം ഒരു നിർദ്ദേശം പരിഗണനയിൽ ഇല്ല.

പുതിയ ആർ.ടി. ഓഫീസുകൾ

308 (3820) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ആർ. ടി ആഫീസുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കുമോ;

(ബി) കൊട്ടാരക്കര ആസ്ഥാനമാക്കി ആർ.ടി. ആഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ അത്തരം ഒരു നിർദ്ദേശം പരിഗണനയിൽ ഇല്ല.

പൈപ്പ് ടൂബുകൾ വാങ്ങിയ ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായ നഷ്ടം

309 (3821) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് ബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട് പൈപ്പ് ടൂബുകൾ വാങ്ങിയത് ആവശ്യാനുസരണമുള്ള അളവിലും വലുപ്പത്തിലും അല്ലാതിരുന്നത് മൂലം കെ.എസ്.ആർ.ടി.സി-യ്ക്ക് ഉണ്ടായ നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ഏന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത നഷ്ടം ഈടാക്കുന്ന വിഷയം ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. കോടതി വിധിക്കനുസൃതമായി തുടർനടപടി സ്വീകരിക്കാവുന്നതാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ദർഘാസ് വ്യവസ്ഥയിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

കണ്ണൂർ പറശ്ശിനിക്കടവ് ബസ് സർവ്വീസ്

310 (3822) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.യു.ആർ.റ്റി.സി.-യുടെ എ.സി. ലോ ഫ്ലോർ ബസ് സർവ്വീസ് കണ്ണൂരിൽ നിന്നും പറശ്ശിനിക്കടവ് ക്ഷേത്രത്തിലേക്ക് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരത്ത് നിന്നും മാവേലി , മാംഗളൂർ, മലബാർ എന്നീ എക്സ്പ്രസ് ട്രെയിനുകൾ കണ്ണൂരിൽ എത്തിച്ചേരുമ്പോൾ റെയിൽവേ സ്റ്റേഷനിൽ നിന്നും എ.സി. ലോ ഫ്ലോർ സർവ്വീസ് ആരംഭിക്കുമോ;

(സി) മലബാർ മേഖലയിൽ കെ.യു.ആർ.റ്റി.സി. യുടെ എ.സി. ലോ ഫ്ലോർ ബസ്സ് അനുവദിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് JnNURM ബസുകൾ അനുവദിക്കുന്നത്. പ്രസ്തുത DPR പ്രകാരം കണ്ണൂർ ഡിപ്പോയ്ക്ക് എ.സി. ലോ ഫ്ലോർ നൽകുവാൻ നിർദ്ദേശിച്ചിട്ടില്ല. ആയതിനാൽ കണ്ണൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എ.സി. ലോ ഫ്ലോർ സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല.

(ബി) NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് JNNURM ബസുകൾ

LIBRARY ARCHIVES Kerala Legislative Assembly